7. 2000-ലെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് ബിൽ

(ശ്രീ. എം. മുരളി നോട്ടീസ് നൽകിയത്)

ശ്രീ. എം. മുരളി : സർ, 2000-ലെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി റോസമ്മ ചാക്കോ : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, പ്രമേയം സ്വീകരിക്കുന്നില്ല.

ശ്രീ. എം. മുരളി : സർ, വളരെ പ്രാധാന്യമുള്ള ഒരാശയമാണ് ഈ ബില്ലിലൂടെ ഞാൻ അവതരിപ്പിക്കാൻ ശ്രമിക്കുന്നത്. ഇൻഡ്യൻ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് സിവിൽ സർവ്വീസിന്റെ തുടർച്ചയായിട്ടു വന്ന, ഐ.സി.എസ്. ന്റെ തുടർച്ചയായിട്ടു വന്ന ഐ.എ.എസ്., ഇൻഡ്യൻ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നമ്മുടെ രാജ്യത്തിന്റെ ഭരണക്രമത്തെ നിയന്ത്രിക്കുന്നു ; നമ്മുടെ രാജ്യത്തിന്റെ ഭരണകൂടങ്ങളുടെ ഭാഗമായി അത് പ്രവർത്തിക്കുന്നു. മറ്റ് വടക്കേ ഇൻഡ്യൻ സംസ്ഥാനങ്ങളിൽ തൊട്ടപ്പുറത്ത് കർണ്ണാടകയിലും തമിഴ്നാട്ടിലുമുള്ളതുപോലെ ഒരു സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് സർക്കാർ ജീവനക്കാരുടെ സംഘടനകളുമായി കൂടിയാലോചിച്ചുകൊണ്ടുതന്നെ പ്രത്യേകമായി ഒരു ഉദ്യോഗസ്ഥ വിന്യാസ ഘടന കേരളത്തിൽ ഉണ്ടാകണം. ഈ ആശയം സ്വകാര്യ ബില്ലായിട്ട് ആദ്യമായിട്ട് ഈ നിമയസഭയിൽ അവതരിപ്പിക്കുന്ന ആശയമൊന്നുമല്ല. അത് കേരളത്തിൽ സജീവമായി എല്ലാ കാലഘട്ടത്തിലും ചർച്ച ചെയ്യപ്പെട്ടിട്ടുള്ള ഒരു ആശയമാണ് ; ഒരഭിപ്രായമാണ്. പ്രത്യേകിച്ചും ഭരണഘടനാപരമായ അധികാരവികേന്ദ്രീകരണം. പ്രാദേശിക ഗവൺമെന്റുകൾ എന്ന് എല്ലാ അർത്ഥത്തിലും വിശേഷിപ്പിക്കാവുന്ന ജില്ലാ പഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും ഗ്രാമ പഞ്ചായത്തുകളും മുനിസിപ്പൽ കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും ഒക്കെ വന്ന സാഹചര്യത്തിൽ അവർക്ക് മതിയായ പണം ഗവൺമെന്റ് നൽകുന്നുണ്ടെങ്കിലും ഈ പണം ഫലപ്രദമായി വിനിയോഗിക്കാനുള്ള ഭരണ സംവിധാനം കേരളത്തെ സംബന്ധിച്ചിടത്തോളം ഇല്ലെന്നുള്ളതാണ് ഈ നാലഞ്ചു വർഷക്കാലത്തെ അനുഭവങ്ങൾ തെളിയിക്കുന്നത്. ഇഫക്റ്റീവായ, എഫിഷ്യന്റായിട്ടുള്ള ഒരു ഉദ്യോഗസ്ഥവൃന്ദം കേരളത്തിന്റേതുമാത്രമായ ഒരു സിവിൽ സർവ്വീസ് അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് കേരളത്തിൽ, നമ്മുടെ സംസ്ഥാനത്ത് സ്റ്റാറ്റ്യൂട്ടറിയായി രൂപീകരിച്ചാൽ നമ്മുടെ ഉദ്യോഗസ്ഥൻമാരുടെ എഫിഷ്യൻസി ഒരു ശ്രേണിക്കു മുകളിലുള്ള ഉദ്യോഗസ്ഥന്മാരുടെ ഇഫിഷ്യൻസി വർദ്ധിക്കും. ബ്ലോക്ക് പഞ്ചായത്തുകളുടെ പ്രവർത്തനം അഞ്ചു വർഷകാലം കഴിഞ്ഞപ്പോൾ വലിയിരുത്തിയാൽ പലപ്പോഴും എഫക്ടീവല്ല എന്നുള്ളതാണ് എന്റെ അഭിപ്രായം. പല ജില്ലാ പഞ്ചായത്തുകളും പണം ചെലവഴിക്കുന്നുണ്ട്. പക്ഷേ പ്രാദേശിക ഗവൺമെന്റുകൾ എന്നുള്ള സങ്കൽപ്പം ഭരണഘടനയോ നമ്മുടെ പഞ്ചായത്ത് രാജ് നഗരപാലികാ നിയമങ്ങളോ വിഭാവനം ചെയ്ത ആ ഫലപ്രദമായ പ്രവർത്തനം നിർവഹിച്ചുകൊണ്ടു മുന്നോട്ടു പോകാൻ..... ഒരു പക്ഷേ ഉദ്യോഗസ്ഥവൃന്ദം അതിന്റെ എഫിഷ്യൻസി.... അതുകൊണ്ട് കഴിയുന്നില്ല. നമുക്കൊരു ടാലന്റ് പൂൾ.....ഉദ്യോഗസ്ഥ വൃന്ദത്തെ സംബന്ധിച്ചിടത്തോളം..... ഒരു

LIBRARY ARCHIVES Kerala Legislative Assembly

ടാലന്റ് പൂൾ നമുക്കീ സംസ്ഥാനത്ത് നാളെകളിൽ സൃഷ്ടിച്ചെടുക്കുക എന്ന ഉദ്ദേശ ലക്ഷ്യത്തോടെയാണ് ഞാനിതവതരിപ്പിക്കുന്നത്. ഒരു കാര്യം കൂടി പറയട്ടെ! ഐ.എ.എസ്. നമ്മുടെ ജില്ലാ കളക്ടർമാരെ എടുക്കാം. ഞാൻ ആക്ഷേപാപറയുകയല്ല, പരാതി പറയുകയാണ്. ഈ സെക്രട്ടറിയേറ്റിലെ വകുപ്പ് തലവൻമാർ..... ഡിപ്പാർട്ടുമെന്റ് ഹെഡ്സ്..... ഇൻഡ്യൻ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേക്കു നടക്കുന്ന യു.പി.എസ്.സി. യുടെ അഖിലേന്ത്യാ മൽസരപരീക്ഷകളിൽ കേരളീയരായ വിദ്യാർത്ഥികൾ പിന്തള്ളപ്പെടുന്നു എന്നുള്ള ഒരുപാട് വിലാപമുണ്ടല്ലോ, പരാതിയുണ്ടല്ലോ. ഏതാനും വർഷങ്ങൾകൂടി കഴിയുമ്പോൾ നമ്മുടെ ജില്ലാ കേന്ദ്രങ്ങളിൽ കളക്ടർമാരുടെ കസേരകളിൽ ഒരു മലയാളിയുണ്ടാകുമോ ? അല്ലെങ്കിൽ തിരുവനന്തപുരത്തെ വകുപ്പു തലവന്മാരുടെ കസേരകളിൽ ഒരു മലയാളിയുണ്ടാകുമോ ? അതിനാരെയും കുറ്റപ്പെടുത്തേണ്ട കാര്യമില്ല. സ്വയം കുറ്റപ്പെടുത്തിയാൽ മതി. അഖിലേന്ത്യാ മൽസരപരീക്ഷകളിൽ നമ്മുടെ കുഞ്ഞുങ്ങൾക്ക് വിജയം കരസ്ഥമാക്കാൻ കഴിയാതെ പോകുന്നുവെങ്കിൽ അപാകതകൾ എവിടെയാണെന്ന് പരിശോധിച്ചുകൊണ്ട് അതിന് പരിഹാരമുണ്ടാക്കുവാനുള്ള മാർഗ്ഗം ഉണ്ടാകണം. അത് മറ്റൊരു കാര്യം. ഒരു പക്ഷേ ഇവിടെ ഏറ്റവും കുറഞ്ഞത് ഒരു ശ്രേണിക്ക്മുകളിൽ ബി.ഡി.ഒ തലം അതാണല്ലോ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി. അല്ലെങ്കിൽ തഹസീൽദാർമാരുടെ തലം മുതൽ മുകളിലോട്ട് ഒരു പ്രത്യേക ഉദ്യോഗസ്ഥ വിന്യാസഘടന കേരളത്തിൽ രൂപപ്പെടുത്തണം. കർണ്ണാടകയിലുണ്ട്. വടക്കേ ഇൻഡ്യൻ സംസ്ഥാനങ്ങളിലുണ്ട്. ടി.സി.എസ്. ഉണ്ട്. ഇൻഡ്യയ്ക്ക് പലപ്പോഴും മാതൃക കാണിക്കുന്ന, പ്രബുദ്ധമായ നിലയിൽ പലപ്പോഴും മുന്നോട്ടു പോയിട്ടുള്ള കേരളം അത്തരമൊരു പ്രത്യേക അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കണം. നിലവിലുള്ള ഉദ്യോഗസ്ഥൻമാർ, ജീവനക്കാർ സർക്കാർ ജീവനക്കാർക്ക് കുറ്റമറ്റ നിലയിൽ ഒരു സെലക്ഷൻ സംവിധാനം ഉണ്ടാക്കുമ്പോൾ എല്ലാ വകുപ്പുകളും പരിചയപ്പെടാം. കേരളത്തിലെ എല്ലാ ഭരണവകുപ്പുകളിലും ഭരണപരിചയം ഉണ്ടാക്കാം. എല്ലാ വകുപ്പുകളിലും പരിചയ സമ്പന്നമായ ഒരു ഉദ്യോഗസ്ഥഘടന കേരളത്തിൽ ഉണ്ടാക്കിയെടുത്താൽ എഫക്ടീവായ ലോക്കൽ സെൽഫ് ഗവൺമെന്റുകളെ മുന്നോട്ടു നയിക്കാൻ കഴിയും. ഐ.എ.എസ്. ന് മലയാളികളില്ല. കേരളത്തിലെ ജനങ്ങളുടെ വികാരങ്ങൾ അറിയാവുന്നവരില്ല. ഇന്ന് നമ്മൾ അനുഭവിക്കുന്ന ദുരിയോഗത്തിന് പരിഹാരം ഉണ്ടാക്കുവാൻ ഒരു പ്രത്യേക അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് കേരളത്തിന്റേതായി രൂപീകരിച്ചാൽ കഴിയും. അതുകൊണ്ട് ഈ ആശയത്തെ തള്ളിക്കളയരുത്. ഈ ആശയം ഇന്നല്ലെങ്കിൽ നാളെ കേരളത്തിന് സ്വീകരിക്കേണ്ടിവരും എന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു. (ചർച്ച തുടരും)

ദി കേരള ലോകായുക്ത (അമെന്റ്മെന്റ്) ബിൽ, 2000

(ശ്രീ. വി.ബാലറാം നോട്ടീസ് നൽകിയത്)

പ്രമേയാവതാരകൻ സഭയിൽ ഹാജരില്ലാതിരുന്നതിനാൽ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly